ഉത്തരം

(എ) ഇല്ല. ഭക്ഷ്യധാന്യ വിതരണത്തിലെ ക്രമക്കേടുകൾ പരിഹരിക്കുന്നതും റേഷൻ തിരിമറികൾ കണ്ടെത്തുന്നതും തടയുന്നതും വിജിലൻസ് കമ്മിറ്റികളുടെ അധികാര പരിധിയിൽപ്പെട്ടതാണെങ്കിലും അത്തരം ക്രമക്കേടുകൾ ഇതുവരെ വിജിലൻസ് കമ്മിറ്റികൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

ആലപ്പുഴ ജില്ലയിലെ സിവിൽ സപ്ലൈസ് ഗോഡൗണിൽനടന്ന ക്രമക്കേടിന്റെ വിശദാംശങ്ങൾ

229(3154) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ സിവിൽ സപ്ലൈസ് ഗോഡൗണിൽ നടന്ന ക്രമക്കേട് എന്തെല്ലാം; ആരെല്ലാമാണ് ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥർ ; കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഇതിനെ സംബന്ധിച്ച ഏതെങ്കിലും നിലയിലുള്ള അന്വേഷണം നടക്കുന്നുണ്ടോ ;

(ബി) ആലപ്പുഴ ജില്ലയിലെ നന്മ സ്റ്റോറുകളിൽ അവശ്യസാധനങ്ങൾ ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആവശ്യമായ സാധനങ്ങൾ അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ ചേർത്തല ഡിപ്പോയിൽ നോൺ മാവേലി കസ്റ്റോഡിയനായിരുന്ന ശ്രീ. വി. റ്റി. ശ്യാം രാജ് ഡിപ്പോയിലെ കമ്പ്യൂട്ടർ ഡിസ്പ്ലേ, അനുബന്ധഭാഗങ്ങളും നശിപ്പിക്കുകയും 31-3-2014-ലെ വാർഷിക കണക്കെടുപ്പ് അട്ടിമറിച്ചതായും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്ത് അച്ചടക്ക നടപടി എടുത്തുവരുന്നു. കൂടാതെ ടി ഡിപ്പോയിലെ മാവേലി കസ്റ്റോഡിയനായിരുന്ന ശ്രീ. ബിനുരാജ് ജെ.എ.സ്സം, അസിസ്റ്റന്റ് മാനേജർമാരായിരുന്ന ശ്രീ. സൂരജ് പി.റ്റി., ശ്രീ. ജോസഫ് പി.പി., ശ്രീ. ശെൽവകുമാർ. ആർ., അസിസ്റ്റന്റ് മാനേജരുടെ ചാർജ് വഹിച്ചിരുന്ന ശ്രീ. സത്യൻ എം.വി. എന്നിവർക്കെതിരെയും അച്ചടക്ക നടപടികൾ എടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ പോലീസ് കേസ്സെടുത്തിട്ടുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ ജില്ലാ ഡിപ്പോയിലെ മാവേലി കസ്റ്റോഡിയനായിരുന്ന ശ്രീ. പി. പത്മകുമാർ SAI-നെ, ചാർജ് കൈമാറ്റ സമയത്ത് സ്റ്റോക്കിൽ കുറവ് കണ്ടെത്തിയതുമായി ബന്ധപ്പെട്ട് അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്ത് അന്വേഷണം നടന്നുവരികയാണ്.

(ബി) നന്മ സ്റ്റോറുകൾ ഭക്ഷ്യവകുപ്പിനുകീഴിൽവരുന്ന സ്ഥാപനമല്ല. സഹകരണ വകുപ്പിനുകീഴിൽവരുന്ന ഈ സ്ഥാപനങ്ങളിൽ സാമ്പത്തിക ബുദ്ധിമുട്ടുകളാൽ സാധനങ്ങൾ ലഭിക്കുന്നതിനുണ്ടാവുന്ന തടസ്സംകാരണം യഥാസമയം അവശ്യസാധനങ്ങൾ എത്തിക്കാൻ കഴിയുന്നില്ലായെന്ന് കൺസ്യൂമർ ഫെഡ് മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. നന്മ സ്റ്റോറുകളിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും അറിയിച്ചിട്ടുണ്ട്.

സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണം

230(3155) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോ കർഷകരിൽനിന്നും നെല്ല് സംഭരിച്ചവകയിൽ എത്ര തുക കുടിശ്ശിക നൽകാനുണ്ടെന്ന് ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) കഴിഞ്ഞ സീസണിലെ രണ്ടാം വിളയുടെ സംഭരണവില പൂർണ്ണമായും കൊടുത്തുതീർക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) കർഷകർക്ക് നൽകിയ തുകയെത്ര ; കുടിശ്ശികയായി എത്ര തുക നൽകാനുണ്ട് ;

(ഡി) നെല്ല് സംഭരിച്ച വകയിൽ സപ്ലൈകോയ്ക്ക് സർക്കാർ എത്ര തുക കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2014-15 ഒന്നാം സീസണിൽ സപ്ലൈകോ കർഷകരിൽനിന്ന് നെല്ല് സംഭരിച്ച വകയിൽ (4-12-2014) 58.63 കോടി രൂപയാണ് നൽകുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly